No. KITE/2023/1515-13 (1) തീയതി : 01.04.2023

## സർക്കുലർ

വിഷയം:- കൈറ്റ് – ഹൈടെക് സ്കൂൾ പദ്ധതി – സ്കൂളുകൾക്ക് നൽകിയ ഐ.ടി ഉപകരണങ്ങൾ ക്കുണ്ടാകുന്ന കേടുപാടുകൾ പരിഹരിക്കൽ – അഞ്ചു വർഷ വാറണ്ടി കഴിഞ്ഞ ലാപ്ടോപ്പുകൾക്ക് ഏർപ്പെടുത്തിയ AMC സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:-
1. സ.ഉ.(സാധാ) നം. 165/2018 പൊ.വി.വ. തീയതി 10.01.2018.
2. കൈറ്റിന്റെ 13.08.2018 ലെ KITE/2018/1515(42) നമ്പർ സർക്കുലർ.
3. കൈറ്റിന്റെ 06.02.2023 ലെ KITE/2023/1515(3) നമ്പർ സർക്കുലർ.
4. കൈറ്റിന്റെ 31.03.2023 ലെ കൈറ്റ്/2023/1629 (3) നമ്പർ സർക്കുലർ
5. കൈറ്റ് ചെയർമാന്റെ 06.02.2023-ലെ നോട്ട് ഓർഡർ

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് ആദ്യഘട്ടം വിതരണം ചെയ്ത Acer one 14Z476 ലാപ്ടോപ്പുകളുടെ 5 വർഷ വാറണ്ടി 2023 മാർച്ച് 31 വരെ ദീർഘിപ്പിച്ചിരുന്നു. ഹൈടെക് ഉപകരണങ്ങളുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുന്നതിന് വാറണ്ടി അവസാനിക്കുന്ന മുറയ്ക്ക് AMC (Annual Maintenance Contract) ഏർപ്പെടുത്തുന്നതിന് സൂചന 5 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഓരോ ഹൈടെക് ഉപകരണത്തിന്റെയും പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നതിന് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം വിതരണം ചെയ്ത, 2023 മാർച്ച് 31-ന് വാറണ്ടി അവസാനിക്കുന്ന, ലാപ്ടോപ്പുകൾക്ക് 2023 ഏപ്രിൽ 1 മുതൽ AMC ഏർപ്പെടുത്തിയിട്ടുണ്ട്. അതിനാൽ പ്രസ്തുത ലാപ്ടോപ്പുകൾക്ക് തകരാർ സംഭവിച്ചാൽ kite.kerala.gov.in/support എന്ന പോർട്ടലിൽ പരാതി അതതു സ്കൂളുകൾ രേഖപ്പെടുത്തേണ്ടതാണ്.
2. ലാപ്ടോപ്പുകളുടെ പരാതി രേഖപ്പെടുത്തേണ്ടത് kite.kerala.gov.in/support-ൽ Login for AMC എന്ന ലിങ്ക് മുഖേനയാണ്.
3. പരാതി ഓൺലൈനിൽ രേഖപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ പോർട്ടലിലെ user manual ൽ വ്യക്തമാക്കിയിട്ടുണ്ട്. പരാതി രേഖപ്പെടുത്തുന്നതിൽ ഏതെങ്കിലും വിധത്തിലുള്ള സാങ്കേതിക പ്രയാസം നേരിടുന്നുവെങ്കിൽ അതത് ജില്ലാ ഓഫീസിലോ കോൾ സെന്ററിലോ ബന്ധപ്പെടേണ്ടതാണ്.
4. AMC പരിധിയിൽ വരുന്ന ലാപ്ടോപ്പുകൾക്കും 28.02.2023 മുതൽ 27.02.2024 വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻഡറി/
വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ് - ആമുഖ കത്ത് സഹിതം
പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേയ്ക്ക്
എല്ലാ ആർ.ഡി.ഡി/ എ.ഡി.മാർക്കും
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർ/മാസ്റ്റർ ട്രെയിനർമാർക്കും
സ്റ്റോക് ഫയൽ